# ബാലകേരളീയം



# പൊന്തച്ചുറ്റൻ

## നമുക്കുചുറ്റും – 5

വി.സി. ബാലകൃഷ്ണൻ

**കു**ന്നിൻ പ്രദേശങ്ങളിലെ പൊന്തകളിലും വീട്ടുപറമ്പിലെ ചെറുവൃക്ഷങ്ങൾക്കരികിലും ചുറ്റിപ്പറ്റി പറന്നുനടക്കുന്ന ശലഭമാണ് പൊന്തചുറ്റൻ. ഇടയ്ക്കിടെ മാത്രം ചെറുതായി ചിറകടിക്കുകയും പിന്നീട് വായുവിൽ ഒഴുകി നടക്കുകയും ചെയ്യുന്ന ഈ ശലഭത്തിന്റെ ചിറകിലുള്ള പാറ്റേൺ നാവികരുടെ കുപ്പായത്തിന്റെ ചുമൽപ്പട്ടയെ അനുസ്മരിപ്പിക്കുന്നതാണ്. കറുത്ത ചിറകിൽ വിലങ്ങനെ മൂന്നു വെളുത്ത വരകളെന്നു തോന്നിക്കും വിധത്തിൽ പല വലുപ്പത്തിലുള്ള വെളുത്ത പാടുകൾ ചേർത്തുവച്ചിരിക്കുന്നു. ചിറകിന്റെ അടിഭാഗത്ത് സ്വർണനിറം കലർന്ന തവിട്ടുനിറത്തിലുള്ള പ്രതലത്തിൽ ചിറകിന്റെ ഉപരിഭാഗത്ത് കാണപ്പെടുന്നതരത്തിൽ വെളുത്ത വരകളുണ്ട്. ഈർപ്പമുള്ള കാലത്ത് കാണപ്പെടുന്ന പൊന്തച്ചുറ്റന്മാരുടെ ചിറകിൽ ഈ വരകൾ താരതമ്യേന നേർത്തതായിരിക്കും.

പൂന്തേനിനു പുറമേ നനവുള്ള മണ്ണിൽ തുമ്പിക്കൈ പൂഴ്ത്തി ലവണാംശം വലിച്ചെടുത്ത് കുടിക്കുന്ന സ്വഭാവം ഇവയ്ക്കുണ്ട്. ചിലപ്പോൾ മനുഷ്യരുടെ ശരീരത്തിൽ പറ്റിയിരുന്ന വിയർപ്പിലുള്ള ലവണാംശവും വലിച്ചുകുടിക്കാറുണ്ട്. വളരെ അടുത്തുചെന്നാലും യാതൊരു കൂസലുമില്ലാതെ അനങ്ങാതിരിക്കുന്ന സ്വഭാവം ഒരുപക്ഷേ, പൊന്തച്ചുറ്റന്മാരേക്കാൾ അധികമായി മറ്റു ശലഭങ്ങളിൽ കണ്ടെന്നുവരില്ല. തങ്ങളുടെ അധീനതയിലുള്ള പ്രദേശത്ത് മറ്റു ശലഭങ്ങൾ കടന്നുചെന്നാൽ വലിയ വീറോടുകൂടി അവയെ ആട്ടിയോടിക്കും.

ഭക്ഷണ സസ്യങ്ങളുടെ ഇലയുടെ തുമ്പത്ത് ഉണങ്ങി ചുരുണ്ട ഇലത്തുണ്ട് പോലെ കാണപ്പെടാറുള്ള ലാർവകൾ ഇരുണ്ട നിറത്തിലുള്ളവയാണ്. നാലു ജോഡി മുള്ളുകൾ പോലുള്ള ഭാഗം ലാർവയുടെ ശരീരത്തിലുണ്ട്. ഇതിൽ മുൻവശത്തുനിന്നും രണ്ടാമത്തെ മുള്ളുകൾ വലിയ കൊമ്പുപോലെ കാണപ്പെടുന്നു. ലാർവയുടെ ആഹാരച്ചെടികൾ പ്രധാനമായും ചടച്ചി, ഇരുമുള്ള്, ഇലവ്, മന്ദാരം, ചേഞ്ചിംഗ് റോസ് എന്നിവയാണ്. എട്ടുദിവസം പ്രായമാകുന്നതോടെ ലാർവകൾ സമാധി കൂടൊരുക്കുകയാണ്. മങ്ങിയ മരത്തിന്റെ നിറത്തിലുള്ള പ്യൂപ്പയുടെ ശരീരത്തിൽ തിളക്കമുള്ള ചില പുള്ളിക്കുത്തുകൾ കാണാം. ഏഴോ എട്ടോ ദിവസംകൊണ്ട് അതിരാവിലെ പ്യൂപ്പത്തോട് ഭേദിച്ച് പുറത്തിറങ്ങുന്ന പൊന്തുച്ചുറ്റന് നനവാർന്ന ചിറകുകളും ശരീരഭാഗങ്ങളും ഉണക്കി വെടിപ്പാക്കി ചുറ്റിപ്പറക്കാൻ പിന്നേയും ഒരു മണിക്കൂറോളം കാത്തിരിക്കണം.


## ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക്

വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളും ലഘുലേഖകളും പരിചയപ്പെടുത്തുന്നതിലേക്ക് ആയതിന്റെ 2 കോപ്പികൾ വീതം അയച്ചുതരിക.

പത്രാധിപർ, കേരളീയം, തൃശൂർ – 1


## നാടോടിപ്പാട്ട്

# 'റെയില് വണ്ടി'

തിരുവിതാംകൂറിൽ ആദ്യമായി തീവണ്ടി ഓടിത്തുടങ്ങിയതിന്റെ ഓർമ പങ്കിടുന്ന ഒരു നാടോടിപ്പാട്ട്. നെടുങ്ങാട് താലൂക്കിൽ ആറുപുഴയുള്ള സരസമ്മ എന്ന മുത്തശ്ശി പാടിയത്. പണ്ടെന്നോ ഒരു പരദേശി പാടിക്കേട്ട ഓർമയിൽ നിന്നുള്ളതാണ് ഈ പാട്ട്.

ആടിയോടി വരിക്തമ്മാ
റെയിലേ വേണ്ടി
വേഗമായി വരിക്തമ്മാ
വേളി വഴി
ചൂ ചൂ ചൂ എന്ന ചൂളം
പോടുകിറേൻ
കരകാണാമടുത്ത സ്റ്റേഷൻ
കഴക്കൂട്ടത്ത്
അവിടെ നിന്നും പോകുതെടി
മുരുക്കുംപുഴെ.
മുരുക്കുംപുഴെയടുത്ത സ്റ്റേഷൻ
കടയ്ക്കാവൂര്
അങ്കുചെന്താ കൊഞ്ചനേരം
നിറുത്തീടുവേൻ
ആളുകളെ എറ്റീടുവേൻ
എറക്കീടുവേൻ
രാവിനെന്റാ സോഡാ ബീഡി
വാങ്കീടെല്ലാം
പയ്യപ്പയ്യെ പോകുതെടി
മയ്യനാട് പുറകെ വിട്ടാൽ
കൊല്ലം ചേരും.
കൊല്ലത്തുള്ളതെല്ലാം ചൊല്ലാൻ
മുടിയാതമ്മ
എന്നടിയെ
ഉന്നുടയമുഖം കടുപ്പ്?
വണ്ടിയേറെ വേണ്ട സ്വാമിൻ
പോകാം പോകാം

സമ്പാദകൻ: ഉദയൻ, തൂലിക.

# കളിയാന

ഇ.ജിനൻ

കൺമുമ്പിൽ ചാട്ടകൾ പുളയും
കരിനിഴൽ വീഴുമ്പോൾ
മൃഗശിക്ഷകനെറിയും വാക്കാൽ
ഹൃദയം മുറിയുമ്പോൾ
ഒരു കാലിൽ കൊച്ചുകുറുമ്പൻ
വിരുതുകൾ കാട്ടുന്നു
ഇരുചെവികൾ വിശറികളാക്കി
തെരുതെരെ വീശുന്നു
ആഗതരെ തുമ്പിയുയർത്തി
സ്വാഗതമോതുന്നു
ഉയരുകയാണാരവ, മിവനൊരു
കുസൃതി കളിയാന!
കളി കണ്ടു തിമിർത്തു ചിരിക്കാൻ
കഴിവുള്ളവർ നമ്മൾ
കരയാൻ കഴിയാത്തവനിവനുടെ
കഥയറിയുന്നുണ്ടോ?